സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഹൈപവർ കമ്മിറ്റി ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ നടത്തുന്ന ജോലികൾ Supervising Staff നെ നിയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3170/18/Est-I** നന്തൻകോട് **05/04/2018**

---

പരാമർശം :- ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 20-03-2018 ലെ 931 -ാം നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഫണ്ട് വിനിയോഗിച്ച് ഹൈപവർ കമ്മിറ്റി മുഖേന നടത്തുന്ന ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലെ പ്രധാനപ്പെട്ട പ്രൊജക്ടുകൾ സമയബന്ധിതമായി ചെയ്ത് തീർക്കേണ്ടതുള്ളതിനാൽ നിലവിലുള്ള Supervising Staffs അപര്യാപ്തമാണെന്നും പത്തനംതിട്ട ശബരിമല ഡവലപ്പ്മെന്റ് പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ (Engineer in charge of Sabarimala Master Plan) അറിയിച്ചിട്ടുള്ളതാണെന്നും ടി വിഷയം ഹൈപവർ കമ്മിറ്റിയുടെ 24-02-2018 ലെ മീറ്റിംഗിൽ ചെയർമാൻ ബഹുമാനപ്പെട്ട ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുവെന്നും ടി ജോലികൾ ഹൈപവർ കമ്മിറ്റിയുടെ പ്രധാനപ്പെട്ട പ്രോജക്ട്സ് ചെയ്തു തീർക്കേണ്ടത് ബോർഡിലെ എഞ്ചിനീയർമാരുടെ ഉത്തരവാദിത്വമാണെന്നും മതിയായ Supervising Staffs ഇല്ലെങ്കിൽ സമയത്ത് ജോലി തീർക്കാൻ സാധിക്കില്ലെന്നും ആകയാൽ ശബരിമല trekking route, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ജോലികൾ വേഗത്തിൽ ചെയ്തു തീർക്കുന്നതിലേക്കായി ചുവടെ വിവരിക്കുന്നവരെ ഒരു വർഷത്തേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ G.O. No. (P) 28/2016/Fin, dated 26-02-2016 ലെ ഉത്തരവ്പ്രകാരമുള്ള പ്രതിമാസവേതനത്തിൽ നിയമിക്കുന്നതിന് ഉത്തരവ് നൽകണമെന്ന് വിവരിച്ചുള്ള ചീഫ് എഞ്ചിനീയർ (ജനറൽ) ടെ പരാമർശം റിപ്പോർട്ട് ലഭിച്ചു.

| Sl. No. | Name of post | Qualificatin | No. of posts | Pay |
|---|---|---|---|---|
| 1 | Assistant Engineer, Civil | Graduate | 03 Nos. | Rs.25,000/- p.m. |
| 2 | Overseers Civil | Diploma holder | 08 Nos. | Rs. 18,000/- p.m. |
| 3 | Electrical Overseer | Diploma holder | 02 Nos. | Rs. 18,000/- p.m. |
| 4 | Electricians | ITI certificate holder | 02 Nos. | Rs. 15,000/- p.m. |

(മറുപുറം)

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

ചീഫ് എഞ്ചിനീയർ (ജനറൽ) ടെ റിപ്പോർട്ടിൽ വിവരിക്കും പ്രകാരം മേൽ വിവരിച്ച Supervising Staffs നെ ഒരു വർഷത്തേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നതിന് ബഹു: ഹൈക്കോടതിയുടെ അനുമതി ലഭ്യമാക്കുന്നതിന് ലാ ആഫീസറെയും ആയത് ലഭ്യമായശേഷം മേൽ വിവരിച്ച പ്രകാരം നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജനറൽ) യ്ക്കും നിർദ്ദേശം നൽകിയും ടി Supervising Staffs ന് ശമ്പളം ചെലവെഴുതുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (ജനറൽ) -ൽ നിന്നും വ്യക്തമായ അഭിപ്രായം ലഭ്യമാക്കുന്നതിനും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. എസ്റ്റാ-2 സെക്ഷൻ, ബോർഡ് ആഫീസ്
7. ഇ.ഡി.പി. സെക്ഷൻ
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK